പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7591 17.7.2012 ൽ മറുപടിയ്ക്ക്

**<u>ഫെയ്ത്ത് ഇന്ത്യാ എന്ന സ്ഥാപനത്തിന് ഗ്രാന്റ് അനുവദിക്കുവാൻ നടപടി</u>**

ചോദ്യം | മറുപടി

ശ്രീ.കെ.വി.വിജയദാസ് | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിൽപ്പെട്ട കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായി പ്രവർത്തിക്കുന്ന 'ഫെയ്ത്ത് ഇന്ത്യ' എന്ന സ്കൂളിന് സർക്കാരിൽ നിന്നും യാതൊരു ഗ്രാന്റും ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) നൂറിലേറെ കുട്ടികളും 20 ലേറെ ജീവനക്കാരും സ്വന്തമായി ഭൂമിയും കെട്ടിടങ്ങളും ഉള്ള പ്രസ്തുത സ്ഥാപനം നടത്തിക്കൊണ്ടു പോകാൻ ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനം ഏറ്റെടുക്കാൻ തയ്യാറാകുമോ; | (ബി) നിലവിലുള്ള പദ്ധതികളനുസരിച്ച് ഫെയ്ത്ത് ഇന്ത്യ എന്ന സ്കൂൾ സർക്കാരിന് ഏറ്റെടുക്കാൻ നിർവ്വാഹമില്ല. |
| (സി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനത്തിന് ഗ്രാന്റ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായി പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് കേന്ദ്ര സർക്കാർ ധനസഹായം നൽകി വരുന്നുണ്ട്. ആയത് പ്രകാരം ടി സ്ഥാപനം 2011-12 ൽ അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ കേന്ദ്ര സർക്കാരിലേയ്ക്ക് സർക്കാർ മുഖേന നൽകുകയും ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ